സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം

253 (7224) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എത്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലും കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ സേവനപ്രദാനത്തിലെ കാലതാമസം ഇല്ലാതാക്കുകയെന്നതാണ് കമ്പ്യൂട്ടർവത്ക്കരണത്തിന്റെ മുഖ്യ ലക്ഷ്യം. ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുക, വ്യാജമുദ്രപത്രങ്ങൾ തടയുക, പൊതുജനങ്ങൾക്ക് വിവിധതരം സർട്ടിഫിക്കറ്റുകളും, പകർപ്പുകളും മറ്റ് സേവനങ്ങളും കാലതാമസംകൂടാതെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങളും നടപടിക്രമങ്ങളും രജിസ്ട്രേഷൻ ഫീസ്/സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകളും ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക എന്നിവയാണ് കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി നാഷണൽ വാൻഡ് റിക്കാർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി 75% കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

(ഡി) (1) ആധാരങ്ങളുടെ പകർപ്പ് കൈകൊണ്ട് എഴുതി തയ്യാറാക്കുന്ന സമ്പ്രദായംമൂലം ശരാശരി ആറുമാസംവരെ ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പി നൽകാൻ കാലതാമസം ഉണ്ടായിരുന്നു. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനത്തിലൂടെ ആധാരപകർപ്പുകൾ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയതോടെ കാലതാമസം കൂടാതെ ആധാരപകർപ്പുകൾ അപേക്ഷകർക്ക് നൽകാൻ കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) കാലതാമസംകൂടാതെ ബാധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുവാൻ സാധിച്ചു. കമ്പ്യൂട്ടർ ഡാറ്റ ലഭ്യമായിട്ടുള്ള കാലയളവിലെ ബാധ്യതാ സർട്ടിഫിക്കറ്റ് അപേക്ഷ ലഭിക്കുന്നതിന്റെ പിറ്റേ ദിവസം തന്നെ നൽകിവരുന്നു.

(3) ആധാരങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ സുഗമവും സുതാര്യവും ആക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകൃത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

(4) വ്യാജമുദ്രപ്പത്രങ്ങൾ തടയുന്നതിനായി ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(5) സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനും അതിലൂടെ ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പികൾ അപേക്ഷകർക്ക് അതിവേഗത്തിൽ നൽകുന്നതിനുമുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

(6) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള നെറ്റ്വർക്ക് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(7) പാർട്ണർഷിപ്പ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ എന്നിവയും കമ്പ്യൂട്ടർവത്ക്കരിച്ചു. www.cgroops.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സൊസൈറ്റി രജിസ്ട്രേഷനും പാർട്ണർഷിപ്പ് ഫേം രജിസ്ട്രേഷനുമുള്ള അപേക്ഷകൾ ഇന്റർനെറ്റ് മുഖേനിരം സമർപ്പിക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സൊസൈറ്റികളുടെയും പങ്കുവ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്നതാണ്.

നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്

254 (7225) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എത്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly